# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3976 25.06.2018-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭൂമി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അടൂർ പ്രകാശ് : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭൂമി സംബന്ധമായ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | എ) | റവന്യൂ ഭൂമി വിതരണത്തിന് ലഭിക്കാത്ത സാഹചര്യത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി വാങ്ങി നൽകുന്ന ഒരു പദ്ധതിയാണ് നിലവിൽ ഉണ്ടായിരുന്നത്. എന്നാൽ ഈ പദ്ധതി പ്രകാരം സ്വന്തമായി ഭൂമി കണ്ടെത്താൻ കഴിയാത്ത പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭിക്കാത്ത സാഹചര്യം ഉണ്ടെന്ന് ബോധ്യപ്പെട്ട സർക്കാർ ടി പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പുതുക്കി സ.ഉ(എം.എസ്)നം.21/2018/പജ.പവ.വിവ തീയതി 03.03.2018 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ എണ്ണത്തിന് അനുസരിച്ച് ഭൂമി വിൽക്കാൻ തയ്യാറുള്ളവരിൽ നിന്നും നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് കണ്ടെത്തുന്ന കൃഷിയോഗ്യവും, വാസയോഗ്യവുമായ ഒരേക്കർ വരെ ഭൂമി ജില്ലാമിഷൻ ചെയർമാൻമാരായ ജില്ലാ കളക്ടർമാർ മുഖേന വാങ്ങി വിതരണം ചെയ്യുന്നതാണ് പുതിയ ഭൂമി വാങ്ങി നൽകൽ പദ്ധതി. ഭൂരഹിതരായി കണ്ടെത്തിയിട്ടുള്ള 12000-ത്തോളം പേരിൽ ആദ്യഘട്ടത്തിൽ 3000 പേർക്ക് ഭൂമി വാങ്ങി നൽകുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതി പ്രകാരം നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഭൂമി വാങ്ങാൻ ജില്ലാ കളക്ടർമാർ പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം വിവിധ ജില്ലകളിൽ 31.05.2018 വരെ ലഭിച്ച അപേക്ഷകൾ സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. ഭൂമി പരിശോധന നടത്തി വാങ്ങി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമി |

| | | | |
|---|---|---|---|
| | | | വിതരണം ചെയ്യുന്നതിലൂടെ 6000 പേർക്ക് ഭൂമി നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുകയാണ്. അവശേഷിക്കുന്നവർക്ക് ഭൂമി വാങ്ങി നൽകി ഭൂമി പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടി യാണ് സ്വീകരിക്കുന്നത്. വനാവകാശ നിയമ പ്രകാരം അർഹരായ എല്ലാപേർക്കും കൈവശരേഖ നൽകുവാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനവും നടത്തിവരികയാണ്. |
| ബി) | പ്രസ്തുത വിഭാഗത്തിന്റെ വൈദ്യുതി, വെള്ളകടിശ്ശിക എന്നിവ അടയ്ക്കുന്നതിന് ആവശ്യമായ തുക അനുവദിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | ബി) | പട്ടികവർഗ്ഗക്കാരിൽ വൈദ്യുതി, കുടിവെള്ള കുടിശ്ശിക ഉള്ളവരുടെ വിവരങ്ങൾ ലഭിക്കുന്ന മുറയ്ക്ക് തുക കോർപ്പസ് ഫണ്ടിൽ നിന്നും അനുവദിച്ചു വരുന്നു. വിച്ഛേദിക്കപ്പെട്ട വൈദ്യുതി, കുടിവെള്ള കണക്ഷനുകൾ എന്നിവയ്ക്കും ഇപ്രകാരം തുക അനുവദിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| ക്രമ നം. | ജില്ല | ഭൂമി വിൽപ്പനയ്ക്ക് സമർപ്പിച്ച അപേക്ഷകളുടെ എണ്ണം | അപേക്ഷയിലുൾപ്പെട്ട ഭൂമിയുടെ അളവ് (ഏക്കറിൽ) |
|---|---|---|---|
| 1 | കൊല്ലം | 23 | 29 |
| 2 | പത്തനംതിട്ട | 35 | 175.16 |
| 3 | ആലപ്പുഴ | 13 | 9.69 |
| 4 | കോട്ടയം | 15 | 23.53 |
| 5 | ഇടുക്കി (പ്രോജക്റ്റ് ഓഫീസർ) | 24 | 48.59 |
| | ഇടുക്കി ( ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ) | 22 | 60 |
| 6 | എറണാകുളം | 18 | 32.73 |
| 7 | തൃശ്ശൂർ | 5 | 8 |
| 8 | വയനാട് | 86 | 105 |
| 9 | പാലക്കാട് | 66 | 86 |
| 10 | കാസർഗോഡ് | 200 | 534 |
| | **ആകെ** | **507** | **1111.7** |
| 1 | തിരുവനന്തപുരം | മതിയായ അപേക്ഷകൾ ലഭിക്കാത്തതിനാൽ അപേക്ഷ സ്വീകരിക്കുന്ന തീയതി 30.06.2018 വരെ നീട്ടിയിട്ടുണ്ട് | |
| 2 | കോഴിക്കോട് | | |
| 3 | മലപ്പുറം | | |